04
NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
2024
സെപ്റ്റംബർ
ബുധൻ
ചിങ്ങം 19
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391
തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.258 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-258 പേജ് 4. വില 2.00 രൂപ




02 സപ്ലൈകോ ഓണം ഫെയർ: സെപ്റ്റംബർ 5 മുതൽ 14 വരെ

03 ആഴ്ചയിൽ അഞ്ച് പേർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെടുന്നുവെന്ന് റിപ്പോർട്ട്

04 ജയിലിൽ കിടക്കുന്ന മകന് കഞ്ചാവുമായി എത്തിയ അമ്മ അറസ്റ്റിൽ

# വയനാട് ഉരുൾപൊട്ടൽ; റവന്യൂ റിക്കവറി നടപടികൾക്ക് മൊറട്ടോറിയം

വയനാട് ജില്ലയിലെ ചൂരൽമല ഉൾപ്പെടെ ദുരന്ത ബാധിത പ്രദേശങ്ങൾ ഉൾപ്പെടുന്ന വൈത്തിരി താലൂക്കിലെ വായ്പകളിൻമേലുള്ള റവന്യു റിക്കവറി നടപടികൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചതായി റവന്യു മന്ത്രി കെ രാജൻ അറിയിച്ചു. ഒരു അറിയിപ്പുണ്ടാകുന്നതു വരെ ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിനാണ് സർക്കാർ ഉത്തരവ് പുറത്തിറക്കിയത്. കഴിഞ്ഞ ജൂലൈ മാസം റവന്യു മന്ത്രി കെ രാജൻ നിയമസഭയിൽ അവതരിപ്പിച്ച് സഭ പാസാക്കിയ കേരള റവന്യു റിക്കവറി ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചത്.

സാധാരണ ഗതിയിൽ ജപ്തി നടപടികൾ നേരിടുമ്പോൾ റവന്യു മന്ത്രിയുടെ ഉത്തരവിൽ ജപ്തി സ്റ്റേ ചെയ്തും കുടിശിക തുക തവണകളായി അടക്കാനും അനുമതി നൽകിയിരുന്നു. എന്നാൽ ചില ബാങ്കുകൾ കോടതിയിൽ പോവുകയും കോടതി സർക്കാരിന് ബാങ്കുകളുടെ ജപ്തി നടപടികൾ സ്റ്റേ ചെയ്യാനുള്ള അധികാരം ഇല്ലായെന്നും വിധിക്കുകയുണ്ടായി. ഈ വിധി സാധാരണക്കാരായ ജനങ്ങളെ ഒട്ടേറെ ബാധിക്കുകയുണ്ടായി. ഈ വിധിയുടെ മറവിൽ പല ധനകാര്യ സ്ഥാപനങ്ങളും കടുത്ത നടപടിയുമായും മുന്നോട്ടു പോയിരുന്നു. ആ പശ്ചാത്തലത്തിലാണ് റവന്യു മന്ത്രിയുടെ നേതൃത്വത്തിൽ റവന്യു റിക്കവറി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫല പ്രഖ്യാപനത്തിന് ശേഷം ജൂലൈ 24ന് ആണ് ഗവർണർ ഒപ്പിട്ട് നിയമമായി മാറിയത്. ആ നിയമമാണ് ഇപ്പോൾ വയനാട്ടിലെ ദുരിതമനുഭവിക്കുന്നവർക്ക് തുണയായത്

## അവസരം വാഗ്ദാനം ചെയ്ത് പീഡിപ്പിച്ചു; നിവിൻ പോളിക്കെതിരെ കേസ്

കൊച്ചി: സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് പീഡിപ്പിച്ചെന്ന പരാതിയിൽ നടൻ നിവിൻ പോളിക്കെതിരെ പോലീസ് കേസ് എടുത്തു. നേര്യമംഗലം സ്വദേശിയുടെ പരാതിയിൽ എറണാകുളം ഊന്നുകൽ പോലീസാണ് കേസെടുത്തത്.

ദുബായിൽ വച്ചായിരുന്നു സംഭവം. നിവിൻ പോളിക്കൊപ്പം മറ്റ് ചിലർ കൂടി തന്നെ പീഡിപ്പിച്ചെന്നും സംഘമായി ചേർന്നാണ് പീഡനമെന്നും പരാതിയിൽ പറയുന്നു. കേസിൽ ആറാം പ്രതിയാണ് നിവിൻ പോളി.

ശ്രേയ എന്ന യുവതിയാണ് കേസിൽ ഒന്നാം പ്രതി, നിർമാതാവ് എ.കെ.സുനിലാണ് രണ്ടാം പ്രതിയും, ബിനു, ബഷീർ, കുട്ടൻ എന്നിവരാണ് മൂന്നും നാലും അഞ്ചും പ്രതികൾ. ഊന്നുകൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ് പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറും. എറണാകുളം റൂറൽ എസ്പിക്കാണ് പരാതി നൽകിയത്. പിന്നീട് ഊന്നുകൽ പോലീസിന് കൈമാറുകയായിരുന്നു

## കോസ്റ്റ് ഗാർഡ് ഹെലികോപ്റ്ററിന് അറബിക്കടലിൽ അടിയന്തര ലാൻഡിങ്; മൂന്നു പേരെ കാണാതായി,




ന്യൂഡൽഹി: അറബിക്കടലിൽ അടിയന്തര ലാൻഡിങ് നടത്തി തീരസംരക്ഷണ സേനയുടെ ഹെലികോപ്റ്റർ. ഗുജറാത്തിലെ പോർബന്തർ തീരത്ത് കടലിലാണ് അടിയന്തര ലാൻഡിങ് നടത്തിയത്. അതേസമയം, ഹെലികോപ്റ്ററിലുണ്ടായിരുന്ന മൂന്നു പേരെ കാണാതായി. ഇവർക്കായി തിരച്ചിൽ ആരംഭിച്ചു.

തിങ്കളാഴ്ച രാത്രിയിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട ഹെലികോപ്റ്ററുകളിൽ ഒന്നാണ് അടിയന്തരമായി കടലിലിറക്കിയത്. രണ്ട് പൈലറ്റുമാർ അടക്കം നാലു പേരാണ് ഹെലികോപ്റ്ററിലുണ്ടായിരുന്നത്. ഒരാളെ രക്ഷപ്പെടുത്തി. രണ്ട് പൈലറ്റുമാർ അടക്കം മൂന്നു പേരെ കാണാതായെന്ന് തീരസംരക്ഷണ സേന അറിയിച്ചു. എണ്ണ ടാങ്കറായ എം.ടി ഹരിലീലയിലേക്ക് രക്ഷാപ്രവർത്തനത്തിനായി പോകുന്നതിനിടെയാണ് സംഭവം. ഗുരുതര പരിക്കേറ്റ ജീവനക്കാർക്ക് വൈദ്യസഹായം നൽകാനായി ടാങ്കറിലേക്ക് പോകുന്നതിനിടെയാണ് ഹെലികോപ്റ്റർ അടിയന്തരമായി കടലിലിറക്കേണ്ടി വന്നത്. ഹെലികോപ്റ്റർ കടലിൽ കണ്ടെത്തിയതായും നാലു കപ്പലുകളും രണ്ടു വിമാനങ്ങളും കാണതായവർക്കായി തിരച്ചിൽ നടത്തുന്നതായും തീരസംരക്ഷണ സേന അറിയിച്ചു.

## പ്രേംകുമാറിന് ചലച്ചിത്ര അക്കാദമി ചെയർമാന്റെ താത്കാലിക ചുമതല; ഉത്തരവിറങ്ങി

തിരുവനന്തപുരം: സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാന്റെ താത്കാലിക ചുമതല പ്രേംകുമാറിന് നൽകി സാംസ്കാരിക വകുപ്പ് ഉത്തരവിറക്കി. സാംസ്കാരിക വകുപ്പ് ജോയിൻറ് സെക്രട്ടറി ആർ.സന്തോഷാണ് ഉത്തരവിറക്കിയത്.

നിലവിൽ അക്കാദമിയുടെ വൈസ് ചെയർമാനാണ് പ്രേം കുമാർ. ലൈംഗികാതിക്രമ ആരോപണം നേരിടുന്ന സംവിധായകൻ രഞ്ജിത്ത് ചുമതലയൊഴിഞ്ഞ സാഹചര്യത്തിലാണ് പ്രേംകുമാറിന് ചുമതല നൽകിയത്.

ബംഗാളി നടിയുടെ പരാതിയിൽ രഞ്ജിത്ത് മുൻകൂർ ജാമ്യം തേടിയിട്ടുണ്ട്.

## 'നിരപരാധിയാണെന്ന് തെളിയിക്കാൻ ഏതറ്റംവരെയും പോകും'; നിവിൻ

തനിക്കെതിരെ യുവതി ഉന്നയിച്ച ലൈം?ഗികപീഡനാരോപണം നിഷേധിച്ച് നടൻ നിവിൻ പോളി. ആരോപണം തികച്ചും വാസ്തവവിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. സോഷ്യൽ മീഡിയയിൽ പങ്കുവെച്ച കുറിപ്പിലാണ് നിവിൻ തനിക്കെതിരെ ഉയർന്ന ആരോപണങ്ങൾ തള്ളിക്കളഞ്ഞത്.

കോതമം?ഗലം നേര്യമം?ഗലം സ്വദേശിനിയായ യുവതിയാണ് നിവിൻ പോളിക്കെതിരെ ലൈം?ഗികാരോപണവുമായി രം?ഗത്തെത്തിയത്. സിനിമയിൽ അവസരം വാ?ഗ്ദാനം ചെയ്ത് 2023ൽ ദുബായിൽ വെച്ച് പീഡിപ്പിച്ചു എന്നാണ് പ്രത്യേക അന്വേഷണ സംഘത്തോട് യുവതി പറഞ്ഞത്. തുടർന്ന് പ്രത്യേക അന്വേഷണസംഘത്തിന്റെ നിർദേശപ്രകാരം നിവിൻ പോളി ഉൾപ്പെടെ ആറുപേർക്കെതിരെ എറണാകുളം ഊന്നുകൽ പോലീസ് കേസെടുത്തിരുന്നു. ഇതിനുപിന്നാലെയാണ് ആരോപണങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് നിവിൻ രം?ഗത്തെത്തിയത്.

'ഞാൻ ഒരു പെൺകുട്ടിയെ അപമാനിച്ചുവെന്ന തെറ്റായ വാർത്ത കണ്ടു. ഇത് തികച്ചും അസത്യമാണെന്ന് ദയവായി അറിയുക. ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കാൻ ഏതറ്റം വരെയും പോകാനും ഉത്തരവാദികളെ വെളിച്ചത്തു കൊണ്ടുവരാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാനും ഞാൻ തീരുമാനിച്ചു. നിങ്ങളുടെ കരുതലിന് നന്ദി. ബാക്കി കാര്യങ്ങൾ നിയമപരമായി കൈകാര്യം ചെയ്യും.' നിവിൻ പറഞ്ഞു.

വിദേശത്ത് മറ്റൊരു ജോലിയുമായി ബന്ധപ്പെട്ടാണ് യുവതി പോയത്. അതിനിടയിലാണ് പരാതിക്കാസ്പദമായ സംഭവം നടന്നത്. ഒരു വനിതാ സുഹൃത്താണ് തന്നെ നടന്റെ മുന്നിലേക്കെത്തിച്ചതെന്നും യുവതിയുടെ പരാതിയിൽ പറയുന്നു. നിവിൻ പോളി, പരാതിക്കാരിയുടെ വനിതാ സുഹൃത്ത്, മറ്റ് നാലുപേർ എന്നിവരാണ് കേസിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ രൂപവത്കരിച്ച പ്രത്യേക അന്വേഷണസംഘത്തെ(എസ്ഐടി) യുവതി സമീപിക്കുകയും എസ്ഐടി ഈ വിവരം ഊന്നുകൽ പോലീസിനെ അറിയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. കേസിലെ ആറാം പ്രതിയാണ് നിവിൻ. ശ്രേയ, സുനിൽ, കുട്ടൻ, ബിനു, ബഷീർ എന്നിവരാണ് മറ്റുപ്രതികൾ.

അതേസമയം യുവതി ഒരുമാസം മുൻപ് ഊന്നുകൽ പോലീസിന് നൽകിയ ആദ്യപരാതിയിൽ പീഡന ആരോപണമില്ലായിരുന്നു. നിവിൻ പോളി ഉൾപ്പെടെയുള്ളവർ മർദിച്ചു എന്നായിരുന്നു പരാതിയിലുണ്ടായിരുന്നത്. ഇതിൽ പോലീസ് പ്രാഥമിക അന്വേഷണം നടത്തി എസ്.പിക്ക് റിപ്പോർട്ട് നൽകിയിരുന്നു. സംഭവത്തിൽ ചില പൊരുത്തക്കേടുകൾ ഉണ്ടെന്നായിരുന്നു പോലീസ് അന്ന് റിപ്പോർട്ട് ചെയ്തത്.

## എന്റെ ഉത്തരവാദിത്വം അവസാനിച്ചു, മുഖ്യമന്ത്രിയെ കണ്ടശേഷം പി.വി. അൻവർ

തിരുവനന്തപുരം: വിവാദങ്ങൾ കത്തിനിൽക്കെ മുഖ്യമന്ത്രി പിണറായി വിജയനെ കണ്ട് പി.വി.അൻവർ എം.എൽ.എ. മുഖ്യമന്ത്രിയെ കണ്ട് എല്ലാ കാര്യങ്ങളും എഴുതിക്കൊടുത്തെന്നും സഖാവെന്ന നിലയിൽ തന്റെ ഉത്തരവാദിത്തം അവസാനിച്ചെന്നും കൂടിക്കാഴ്ചയ്ക്ക് ശേഷം അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. തനിക്കു പിന്നിൽ ദൈവമല്ലാതെ മറ്റാരുമില്ലെന്നും മാധ്യമങ്ങളുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

എല്ലാ കാര്യങ്ങളും മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. കാര്യങ്ങൾ എഴുതിനൽകി. മുഖ്യമന്ത്രിക്ക് കൊടുത്ത അതേ പരാതി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.?ഗോവിന്ദനും കൈമാറും. ഒരു സഖാവ് എന്ന നിലയ്ക്കാണ് ഈ വിഷയത്തിലേക്ക് ഇറങ്ങിത്തിരിച്ചതെന്നും ഇതോടെ തന്റെ ഉത്തരവാദിത്തം അവസാനിച്ചെന്നും അദ്ദേഹം വ്യക്തമാക്കി.

എ!.ഡി.ജി.പി എം.ആർ.അജിത്ത് കുമാറിനെ മാറ്റിനിർത്താതെയുള്ള അന്വേഷണത്തിൽ തൃപ്തനാണോ എന്ന ചോദ്യത്തിന്, അതെല്ലാം പാർട്ടിയും സർക്കാരും തീരുമാനിക്കട്ടെ എന്നായിരുന്നു അൻവറിന്റെ മറുപടി. അജിത്ത് കുമാറിനെ മാറ്റിനിർത്തണമെന്ന് പറയുന്ന ആളല്ല താനെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയെ മാറ്റുമോയെന്ന ചോദ്യത്തിന്, അതിന്റെയൊന്നും ആളല്ല താൻ എന്നായിരുന്നു മറുപടി.

ഒരു സഖാവ് എന്ന നിലയ്ക്ക് കാര്യങ്ങൾ ചൂണ്ടിക്കാട്ടേണ്ടത് തന്റെ ഉത്തരവാദിത്വമാണ്. ഇനി ഇത് എങ്ങനെ പോകണമെന്ന് തീരുമാനിക്കേണ്ടത് പാർട്ടിയും മുഖ്യമന്ത്രിയുമാണ്. ഉത്തരവാദിത്വബോധത്തോടെ അന്വേഷണത്തിനുള്ള സംവിധാനങ്ങൾ സർക്കാർ ഒരുക്കുമെന്നാണ് ഒരു സഖാവ് എന്ന നിലയിൽ വിശ്വസിക്കുന്നത്. ഇനിയെല്ലാം കാത്തിരുന്ന് കണാമെന്നും അദ്ദേഹം പറഞ്ഞു.

## അനിശ്ചിതത്വം നീങ്ങി; നെഹ്റു ട്രോഫി വള്ളംകളി 28ന്

ആലപ്പുഴ: നെഹ്റു ട്രോഫി വള്ളം കളി 28ന് നടത്താൻ സർക്കാർ അനുമതി നൽകി. നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗത്തിലാണ് തീരുമാനം. 28ന് ജലമേള നടത്താൻ മുഖ്യമന്ത്രി അനുമതി നൽകിയതായി മന്ത്രി പി. പ്രസാദ് യോഗത്തെ അറിയിച്ചു.വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് വള്ളംകളി മാറ്റിവച്ചത്. തുടർന്ന് വള്ളംകളി നടത്തണമെന്നാവശ്യപ്പെട്ട് ബോട്ട് ക്ലബുകൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. വള്ളം കളിക്ക് ടൂറിസം വകുപ്പ് ഒരു കോടി രൂപ നൽകുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പരിപാടികളോ മറ്റു ആഘോഷങ്ങളോ ഇല്ലാതെ വള്ളംകളി മാത്രമായിട്ടായിരിക്കും നടത്തുക. ചാമ്പ്യൻസ് ബോട്ട് ലീഗും നടത്തണമെന്ന് യോഗത്തിൽ ആവശ്യം ഉയർന്നു. അതേസമയം നെഹ്റു ട്രോഫി നടത്തിപ്പിന് സർക്കാർ അനുവദിച്ചിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമാണെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി യോഗത്തിൽ പറഞ്ഞു.



# സപ്ലൈകോ ഓണം ഫെയർ: സെപ്റ്റംബർ 5 മുതൽ 14 വരെ

## * മഞ്ഞ, എൻ.പി.ഐ കാർഡുകാർക്ക് സൗജന്യ കിറ്റ്

ഓണത്തിനോടനുബന്ധിച്ച് സപ്ലൈകോ സംസ്ഥാന വ്യാപകമായി സെപ്റ്റംബർ 5 മുതൽ 14 വരെ ഓണം ഫെയറുകൾ സംഘടിപ്പിക്കുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം 5 ന് വൈകിട്ട് 5 മണിക്ക് കിഴക്കേകോട്ട ഇ.കെ നായനാർ പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സെപ്റ്റംബർ 6 മുതൽ 14 വരെ ജില്ലാതല ഫെയറുകളും സെപ്റ്റംബർ 10 മുതൽ 14 വരെ താലൂക്ക് / നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ഫെയറുകളും നടക്കും. 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങൾ, എഫ്.എം.സി.ജി ഉത്പന്നങ്ങൾ എന്നിവ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ഓണം ഫെയറുകളിലൂടെ ലഭിക്കും.

ഓണക്കാലത്തെ വിപണി ഇടപെടലിനായുള്ള 13 ഇനം സബ്സിഡി സാധനങ്ങളുടെ ടെണ്ടർ നടപടികൾ സപ്ലൈകോ പൂർത്തിയാക്കിയതായി മന്ത്രി പറഞ്ഞു. 13 ഇനം ആവശ്യ സാധനങ്ങളുടെ ലഭ്യത സപ്ലൈകോയുടെ എല്ലാ ഓണം ഫെയറുകളിലും മറ്റ് ഔട്ട്ലെറ്റുകളിലും ഉറപ്പാക്കും. ഓണക്കാല വിപണി ഇടപെടലിനായി 300 കോടി രൂപ വിലമതിക്കുന്ന അവശ്യസാധനങ്ങൾക്ക് സപ്ലൈകോ പർച്ചെയ്സ് ഓർഡർ നൽകി. നിലവിൽ സപ്ലൈകോ വില്പനശാലകളിൽ ദൗർലഭ്യം നേരിട്ടിരുന്ന പഞ്ചസാര ഓണത്തോടനുബന്ധിച്ച് എല്ലാ വിൽപന ശാലകളിലും എത്തിക്കും.

പ്രമുഖ ബ്രാൻഡുകളുടെ 200 ലധികം നിത്യോപയോഗ സാധനങ്ങൾക്ക് വൻ വിലക്കുറവ് നൽകിയാണ് സപ്ലൈകോ ഓണം മാർക്കറ്റുകളിൽ എത്തിക്കുന്നത്. നെയ്യ്, തേൻ, കറിമസാലകൾ, മറ്റു ബ്രാൻഡഡ് ഭക്ഷ്യ ഉൽപ്പന്നങ്ങൾ, പ്രധാന ബ്രാൻഡുകളുടെ ഡിറ്റർജെന്റുകൾ, ഫ്ലോർ ക്ലീനറുകൾ, ടോയ്‌ലറ്ററീസ് തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് 45 ശതമാനം വിലക്കുറവ് നൽകും. 255 രൂപയുടെ ആറ് ശബരി ഉൽപ്പന്നങ്ങൾ 189 രൂപയ്ക്ക് നൽകുന്ന ശബരി സിഗ്നേച്ചർ കിറ്റ് എന്ന പ്രത്യേക പാക്കേജും ഉണ്ടാവും. വിവിധ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾക്ക് നിലവിലെ വിലക്കുറവിന് പുറമേ 10 ശതമാനം വരെ അധിക വിലക്കുറവ് നൽകുന്ന ഡീപ്പ് ഡിസ്കൗണ്ട് അവേഴ്സ് സ്കീം നടപ്പാക്കും. ഉച്ചയ്ക്ക് 2 മണി മുതൽ 4 വരെ ആയിരിക്കും ഇത്. പ്രമുഖ ബ്രാൻഡഡ് ഉൽപന്നങ്ങൾക്ക് ആകർഷകമായ കോമ്പോ ഓഫറുകളും ബൈ വൺ ഗെറ്റ് വൺ ഓഫറും ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ ഓണത്തിനു മുമ്പ് സപ്ലൈകോയുടെ അഞ്ച് പുതിയ വിൽപന ശാലകൾ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ 6 ലക്ഷത്തോളം വരുന്ന എ.എ.വൈ (മഞ്ഞ) കാർഡുടമകൾക്കും വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരായ എൻ.പി.ഐ കാർഡുടമകൾക്കും വയനാട് ദുരന്ത ബാധിത മേഖലയിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്യും. ചെറുപയർ പരിപ്പ്, സേമിയ പായസം മിക്സ്, മിൽമ നെയ്യ്, കശുവണ്ടിപ്പരിപ്പ്, വെളിച്ചെണ്ണ, സാമ്പാർ പൊടി, മുളക് പൊടി, മഞ്ഞൾ പൊടി, മല്ലിപ്പൊടി, തേയില, ചെറുപയർ, തുവരപ്പരിപ്പ്, പൊടിയുപ്പ് എന്നീ അവശ്യസാധനങ്ങളും തുണിസഞ്ചി ഉൾപ്പെടെ 14 ഇനങ്ങൾ ഉൾപ്പെട്ടതാണ് ഓണക്കിറ്റ്. ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്നവരിൽ 4 പേർക്ക് ഒരു കിറ്റ് എന്ന രീതിയിലാണ് വിതരണം ചെയ്യുക. ഓണക്കിറ്റുകൾ സംസ്ഥാനത്തെ റേഷൻ കടകൾ വഴി സെപ്റ്റംബർ 9 മുതൽ വിതരണം തുടങ്ങും. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് സെപ്റ്റംബർ 10 മുതൽ ഉദ്യോഗസ്ഥർ കിറ്റുകൾ നേരിട്ട് എത്തിക്കും. സപ്ലൈകോ വഴിയുള്ള ഓണക്കിറ്റ് വിതരണത്തിനായി 34.29 കോടി രൂപ സർക്കാർ ചെലവഴിക്കും.

സംസ്ഥാനത്തെ എല്ലാ എൻ.പി.എസ് (നീല), എൻ.പി.എൻ.എസ് (വെള്ള) കാർഡുടമകൾക്കും 10 കിലോ അരി 10.90 രൂപ നിരക്കിൽ സ്പെഷ്യലായി വിതരണം ചെയ്യും. സെപ്റ്റംബർ മാസത്തെ റേഷനോടൊപ്പമാണ് മുൻഗണനേതര വിഭാഗക്കാർക്ക് സ്പെഷ്യൽ അരി ലഭ്യമാകുന്നത്. സംസ്ഥാനത്തെ 22.62 ലക്ഷം നീല കാർഡുകാർക്കും 29.76 ലക്ഷം വെള്ള കാർഡുകാർക്കും ഉൾപ്പെടെ ആകെ 52.38 ലക്ഷം കാർഡുടമകൾക്ക് പ്രയോജനം ലഭിക്കും.

സപ്ലൈകോ മുഖേന നിലവിൽ നൽകി വരുന്ന അരി ഓണത്തോടനുബന്ധിച്ച് 10 കിലോ ആയി വർധിപ്പിക്കും. മഞ്ഞക്കാർഡുടമകൾക്ക് നൽകി വന്നിരുന്ന ഒരു കിലോ പഞ്ചസാര വിതരണം പുനരാരംഭിക്കും.

സംസ്ഥാന സർക്കാരിന്റെ 4ാം വാർഷികത്തോടനുബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സെപ്റ്റംബർ 4ന് കെ സ്റ്റോർ എന്ന പദ്ധതി പൂർത്തിയാകുമെന്ന് മന്ത്രി പറഞ്ഞു.

ബ്രാന്റഡ് ഉൽപ്പന്നങ്ങൾക്ക് സപ്ലൈകോ നൽകുന്ന പ്രധാനപ്പെട്ട ചില ഓഫറുകൾ:

ITC Sunfeast, Sweet & Salt biscuit 80 രൂപ വിലയുള്ളത് 59.28 രൂപയ്ക്ക് ലഭിക്കും.

ITC Sunfeast Yipee Noodles 84 രൂപ വിലയുള്ളത് 62.96 രൂപയ്ക്ക് ലഭിക്കും.

ITC Moms Magic 50 രൂപ വിലയുള്ളത് 31.03 രൂപയ്ക്ക് ലഭിക്കും.

Saffola Oats 1 KG 300 ഗ്രാം 230 രൂപ വിലയുള്ളത് 201.72 രൂപയ്ക്ക് ലഭിക്കും.

Kelloggs Oats 190 രൂപ വിലയുള്ളത് 142.41 രൂപയ്ക്ക് ലഭിക്കും.

ബ്രാഹ്മിൺസ് അപ്പം / ഇടിയപ്പംപൊടി 105 രൂപ വിലയുള്ളത് 84.75 രൂപയ്ക്ക് ലഭിക്കും.

ഡാബർ ഹണി ഒരു ബോട്ടിൽ 225 ഗ്രാം 235 രൂപ വിലയുള്ളത് 223.25 രൂപയ്ക്ക് ലഭിക്കും. കൂടാതെ ഒന്ന് ഫ്രീ.

ഏരിയൽ ലിക്വിഡ് ഡിറ്റർജന്റ് രണ്ട് ലിറ്റർ 612 രൂപ വിലയുള്ളത് 581.40 രൂപയ്ക്ക് ലഭിക്കും. കൂടാതെ 500 മി.ലി ഫ്രീ.

നമ്പീശൻസ് നെയ്യ് 500 ഗ്രാം 490 രൂപ വിലയുള്ളത് 435.50 രൂപയ്ക്ക് ലഭിക്കും.

നമ്പീശൻസ് നല്ലെണ്ണ 500 ഗ്രാം 225 രൂപ വിലയുള്ളത് 210 രൂപയ്ക്ക് ലഭിക്കും.

ബ്രാഹ്മിൺസ് ഫ്രൈഡ് റവ 1 കിലോ 120 രൂപ വിലയുള്ളത് 99 രൂപയ്ക്ക് ലഭിക്കും.

ബ്രാഹ്മിൺസ് ചമ്പാപുട്ടുപൊടി 1 കിലോ 140 രൂപ വിലയുള്ളത് 118 രൂപയ്ക്ക് ലഭിക്കും.

ഈസ്റ്റേൺ കായം സാമ്പാർ പൊടി 52 രൂപ വിലയുള്ളത് 31.36 രൂപയ്ക്ക് ലഭിക്കും.

സൺ പ്ലസ് വാഷിംഗ് പൗഡർ 4 കിലോ 450 രൂപ വിലയുള്ളത് 393.49 രൂപയ്ക്ക് ലഭിക്കും. കൂടാതെ ഒരു ബക്കറ്റ് ഫ്രീ.

സൺ പ്ലസ് വാഷിംഗ് പൗഡർ 4 കിലോ 445 രൂപ വിലയുള്ളത് 378.85 രൂപയ്ക്ക് ലഭിക്കും. കൂടാതെ 2 കിലോ ഫ്രീ.

ചന്ദ്രിക സോപ്പ് (125 ഗ്രാം മൂന്ന് സോപ്പുകൾ) 150 രൂപ വിലയുള്ളത് 129.79 രൂപയ്ക്ക് ലഭിക്കും.

## ത്രിദിന രേഖ സംരക്ഷമ പരിശീലന പരിപാടി

സംസ്ഥാന ആർക്കൈവ്സ് വകുപ്പിലെ കൺസർവേഷൻ വിഭാഗത്തിലെ ജീവനക്കാർക്കായി സെപ്റ്റംബർ 4, 5, 6 തീയതികളിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് ത്രിദിന രേഖ സംരംക്ഷണ പരിശീലന പരിപാടി സംഘടിപ്പിക്കും. പരിശീലന പരിപാടിയുടെ ഉദ്ഘാടനം സെപ്റ്റംബർ 4ന് രാവിലെ 11.30ന് രജിസ്ട്രേഷൻ, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും.

## സ്പോട്ട് അലോട്ട്മെന്റ്

തിരുവനന്തപുരം, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിൽ നടത്തിവരുന്ന കാർഡിയോ തൊറാസിക്ക് നഴ്സിംഗ്, ക്രിറ്റിക്കൽ കെയർ നഴ്സിംഗ്, എമർജൻസി ആൻഡ് ഡിസാസ്റ്റർ നഴ്സിംഗ്, നിയോനേറ്റൽ നഴ്സിംഗ്, നഴ്സസ് ആൻഡ് മിഡ്‌വൈഫറി പ്രാക്റ്റീഷണർ എന്നീ പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിംഗ് കോഴ്സുകൾക്ക് 2024 25 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ ആറിന് എൽ.ബി.എസ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നടത്തും. www.lbscetnre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ രാവിലെ 11 മണിക്കകം എൽ.ബി.എസിന്റെ ഏതെങ്കിലും ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം ട്യൂഷൻ ഫീസ് അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

## ജൂനിയർ റസിഡന്റ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. എം.ബി.ബി.എസ്, ടിസിഎംസി രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. പ്രതിമാസ വേതനം 45,000 രൂപ. സെപ്റ്റംബർ 24ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ രാവിലെ 11നാണ് ഇന്റർവ്യൂ. ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡേറ്റ എന്നിവ സഹിതം എത്തണം.

# ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കാൻ അനുമതി

ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും ഒഴികെ ഇടുക്കി, ചെറുതോണി ഡാമുകൾ സന്ദർശിക്കുന്നതിന് നിബന്ധനകളോടെ പൊതുജനങ്ങൾക്ക് അനുമതി. മൂന്നു മാസത്തേക്കാണ് അനുമതി നൽകി ഉത്തരവായത്. സന്ദർശനത്തിനായി ഒരു സമയം പരമാവധി 20 പേർക്ക് മാത്രമായിരിക്കും പ്രവേശനം. ജില്ലാ കളക്ടർ മുൻപ് നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ പ്രോട്ടോക്കോളുകളും പാലിച്ചായിരിക്കും പ്രവേശനം. ശക്തമായ മഴയുള്ള കാലാവസ്ഥ മുന്നറിയിപ്പുകൾ (ഓറഞ്ച്, റെഡ് അലെർട്ടുകൾ) നിലനിൽക്കുന്ന ദിവസങ്ങളിലും ജില്ല ദുരന്ത നിവാരണ അതോറിറ്റി വിനോദസഞ്ചാരത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന ദിവസങ്ങളിലും പൊതുജനങ്ങളുടെ പ്രവേശനം ഒഴിവാക്കും. പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി എടുക്കേണ്ട ഇൻഷുറൻസുകളുടെ ഇനത്തിലെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കും. പൊതുജനങ്ങളുടെ സുരക്ഷയുടെയും അണക്കെട്ടുകളുടെയും പരിസരപ്രദേശങ്ങളുടെയും സുരക്ഷയുടെയും പൂർണ ഉത്തരവാദിത്തം കേരള ഹൈഡൽ ടൂറിസം സെന്ററും പോലീസും ഏറ്റെടുക്കണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കരുത്. ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യും. ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്കരണം നടത്തുന്നതിനു മതിയായ സജ്ജീകരണങ്ങളും താൽക്കാലിക ശുചിമുറി സംവിധാനങ്ങളും ഏർപ്പെടുത്തും.

## പൊതുതെളിവെടുപ്പ് മാറ്റി

കെ.എസ്.ഇ.ബി 2024 ജൂലൈ ഒന്നുമുതൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് സമർപ്പിച്ച താരിഫ് പരിഷ്ക്കരണ നിർദേശങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനായി സെപ്റ്റംബർ 10ന് തിരുവനന്തപുരത്തു സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നടത്താനിരുന്ന പൊതുതെളിവെടുപ്പ് സെപ്റ്റംബർ 11 ലേക്ക് മാറ്റി. തിരുവനന്തപുരം പി.എം.ജിയിലെ പ്രിയദർശിനി പ്ലാനിറ്റോറിയം ഹാളിൽ തെളിവെടുപ്പ് രാവിലെ 10.30ന് ആരംഭിക്കും.

## കയറ്റുമതി ഇറക്കുമതി നടപടി ക്രമങ്ങൾ: ശിൽപശാല നടത്തും

എം.എസ്.എം.ഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെക്കുറിച്ച് സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് മൂന്ന് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കും. സെപ്റ്റംബർ 9 മുതൽ 11 വരെ കളമശേരിയിലെ ക്യാമ്പസിലാണ് പരിശീലനം.

എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/ സംരംഭകർ ആകാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/r-a-ining-calender/ ൽ 7നകം അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 04842532890, 04842550322, 9188922785.

## മൂന്നാർ എൻജിനിയറിങ് കോളേജിൽ ബിടെക് സ്പോട്ട് അഡ്മിഷൻ

മൂന്നാർ എൻജിനിയറിങ് കോളേജിൽ ഒന്നാം വർഷ ബി.ടെക് കോഴ്സിലെ വിവിധ ബ്രാഞ്ചുകളിൽ ഒഴിവ് വന്ന സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കീം എൻട്രൻസ് യോഗ്യതയില്ലാത്തവർക്കും അപേക്ഷിക്കാം.

രണ്ടാം വർഷത്തിലെ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, മെക്കാനിക്ക് ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് എൽ.ഇ.ടി പരീക്ഷ പാസാകാത്ത ഡിപ്ലോമക്കാർക്കും അപേക്ഷിക്കാം. ലാറ്ററൽ എൻട്രിക്ക് താൽപ്പര്യമുള്ള വിദ്യാർഥികൾ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 3, 4 തീയതികളിൽ കോളേജിൽ നേരിട്ട് ഹാജരായി പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് : www.cemunnar.ac.in, 9447570122, 9447578465

## പ്രോജക്ട് അസിസ്റ്റന്റ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് അസിസ്റ്റന്റ് താൽക്കാലിക ഒഴിവിൽ 6ന് രാവിലെ 10ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലെ ഓഫീസിൽ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.kfri.res.in

## കിറ്റ്സിൽ സീറ്റ് ഒഴിവ്

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) ആറ് മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്. അടിസ്ഥാന യോഗ്യത പ്ലസ് ടു. ഉയർന്ന പ്രായപരിധി 30 വയസ്. വനിതകൾക്ക് ഫീസ് ആനുകൂല്യമുണ്ട്. കിറ്റ്സിന്റെ തിരുവനന്തപുരം സെന്ററിൽ ഡിപ്ലോമ കോഴ്സുകളായ ഐ.എ.ടി.എ കോഴ്സുകളിലും അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 0471 2329468, 2339178, 2329539.

## ട്രെയിനർ എംപാനൽമെന്റ്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിലുള്ള റീച്ച് നടപ്പാക്കുന്ന പരിശീലന പരിപാടിയിലേക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർമാരെ എംപാനൽ ചെയ്യും. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒന്നാം ക്ലാസ് ബിരുദം അല്ലെങ്കിൽ ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം, മൂന്നുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്നിവയുള്ളവർ സെപ്റ്റംബർ 10 നകം ശിളീ@ൃലമരവ.ീൃഴ.ശി ൽ ബയോഡേറ്റ അയക്കണം. വിശദവിവരങ്ങൾക്ക്: 9496015002, 9496015051/ www.reach.org.in

## പാരമ്പര്യ വാസ്തുശാസ്ത്രം ഡിപ്ലോമ കറസ്പോണ്ടൻസ് കോഴ്സ്

വാസ്തുവിദ്യാ ഗുരുകുലം നടത്തുന്ന പാരമ്പര്യ വാസ്തു ശാസ്ത്രം ഡിപ്ലോമകറസ്പോണ്ടൻസ് കോഴ്സിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ 20നകം നൽകണം. ഒരു വർഷമാണ് കോഴ്സ് കാലാവധി. 100 സീറ്റുകളുണ്ട്. വിശദവിവരങ്ങൾക്ക്: എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യ ഗുരുകുലം, ആറന്മുള, പത്തനംതിട്ട 689533, ഫോൺ: 0468 2319740, 9188089740, 9188593635, 9605046982, 9605458857, വെബ്സൈറ്റ്: www.vasthuvidyagurukulam.com

# പ്രഖ്യാപനം നടത്തേണ്ടത് പാർട്ടി; തീരുമാനം എന്തായാലും സ്വീകരിക്കുമെന്ന് ടി.പി.രാമകൃഷ്ണൻ

തിരുവനന്തപുരം: പുതിയ ഇടത് മുന്നണി കൺവീനർ പദവിയെക്കുറിച്ചുള്ള വാർത്തകളിൽ പ്രതികരണവുമായി സിപിഎം നേതാവ് ടി.പി രാമകൃഷ്ണൻ. കൺവീനർ സ്ഥാനം സംബന്ധിച്ച് പ്രഖ്യാപനം നടത്തേണ്ടത് പാർട്ടിയാണെന്നും എന്ത് ചുമതല നൽകിയാലും താൻ അത് സ്വീകരിക്കുമെന്നും അദ്ദേഹം പ്രതികരിച്ചു.

തിരുവനന്തപുരത്തെ പാർട്ടി സെക്രട്ടറിയേറ്റ് യോഗത്തിൽ വെള്ളിയാഴ്ച ഉച്ചവരെ താൻ ഉണ്ടായിരുന്നു. അതുവരെ താൻ കൺവീനറാകണമെന്ന തീരുമാനം എടുത്തിട്ടില്ല. ഈ വിഷയത്തിൽ വ്യക്തിപരമായി മറുപടി പറയുന്നത് ശരിയല്ല.പാർട്ടി തീരുമാനം തന്നെ അറിയിച്ചിട്ടില്ല. പാർട്ടി എന്ത് തീരുമാനിച്ചാലും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വെള്ളിയാഴ്ച ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് യോഗമാണ് ഇ.പി.ജയരാജനെ കൺവീനർ സ്ഥാനത്തുനിന്ന് നീക്കിയത്. ബിജെപി ബാന്ധവ വിവാദത്തിന്റെ പേരിലാണ് ഇപിക്കെതിരേ അച്ചടക്ക നടപടി ഉണ്ടായത്. മുൻമന്ത്രിയും സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ ടി.പി.രാമകൃഷ്ണന് പകരം ചുമതല നൽകാൻ യോഗം തീരുമാനിക്കുകയായിരുന്നു.

## വാക്ക്ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്, സ്പീച്ച് ലാംഗ്വേജ് പത്തോളിസ്റ്റ് തസ്തികയിൽ സെപ്റ്റംബർ 6ന് ഉച്ചയ്ക്ക് 2 മണിക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. കോട്ടയം ആസ്ഥാനമായ ഒരു പ്രോജക്ടിന്റെ ഭാഗമായാണ് നിയമനം. യോഗ്യത, മറ്റു വിശദവിവരങ്ങൾക്ക്: http://nish.ac.in/others/career .

## ലേബർ കോടതി പ്രിസൈഡിങ് ഓഫീസർ തെളിവെടുക്കും

കോഴിക്കോട് ലേബർ കോടതി പ്രിസൈഡിംഗ് ഓഫീസർ രാജീവ് ജയരാജ് സെപ്റ്റംബർ 27ന് രാവിലെ 11ന് പാലക്കാട് ആർ.ഡി.ഒ കോടതി ഹാളിൽ തൊഴിൽ തർക്ക കേസുകളിൽ വിചാരണ നടത്തും.

## മുകേഷിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ വാദം പൂർത്തിയായി; വിധി വ്യാഴാഴ്ച

കൊച്ചി: പീഡനക്കേസിൽ അന്വേഷണം നേരിടുന്ന നടൻ മുകേഷിന്റെ ജാമ്യാപേക്ഷയിൽ വാദം പൂർത്തിയായി. വിധി വ്യാഴാഴ്ച പ്രഖ്യാപിക്കും. എറണാകുളം മുനിസിപ്പൽ സെഷൻസ് കോടതിയിലാണ് വാദം പൂർത്തിയായത്.

അതേസമയം പരാതിയുന്നയിച്ച നടിക്കെതിരായ തെളിവുകൾ മുകേഷ് കോടതിയിൽ കൈമാറി. മുകേഷിനൊപ്പം മണിയൻപിള്ള രാജു, അഡ്വ. ചന്ദ്രശേഖർ എന്നിവരുടേയും മുൻകൂർ ജാമ്യാപേക്ഷകളിലും വ്യാഴാഴ്ച ഉത്തരവുണ്ടാകും.

ആലുവ സ്വദേശിയായ നടിയുടെ പരാതിയിലാണ് മൂവർക്കുമെതിരെ കേസെടുത്തത്. മുകേഷിന് ജാമ്യം നൽകരുതെന്ന് സർക്കാർ കോടതിയിൽ ആവർത്തിച്ചു. കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യണമെന്നും ആവശ്യപ്പെട്ടു. നടൻ സിദിഖ് നൽകിയ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി 13 ന് പരിഗണിക്കാനായി മാറ്റി.

പ്രതികൾക്ക് മുൻകൂർ ജാമ്യം നൽകരുതെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ ആവശ്യം. നടിമാർ രഹസ്യ മൊഴികളടക്കം നൽകിയ സാഹചര്യത്തിൽ മുൻകൂർ ജാമ്യം നൽകിയാൽ സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിക്കും. അതിനാൽ ജാമ്യം നൽകരുതെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ വാദം.



*നെയ്യാറ്റിൻകര സ്മാർട് വില്ലേജ് ഓഫിസ് മന്ത്രി കെ.രാജൻ ഉദ്ഘാടനം നിർവഹിച്ചു.*



*നെയ്യാറ്റിൻകര സ്മാർട് വില്ലേജ് ഓഫിസ്*

# ബാങ്കിൽനിന്ന് 17 കോടിയുടെ സ്വർണം തട്ടിയ കേസ്: വിദേശബാങ്ക് ജീവനക്കാരനും പങ്കെന്ന് സൂചന

വടകര: ബാങ്ക് ഓഫ് മഹാരാഷ്ട്ര വടകര ശാഖയിൽനിന്നു മുൻ മാനേജർ മധ ജയകുമാർ 26.24 കിലോഗ്രാം സ്വർണം തട്ടിയെടുത്ത കേസിൽ വിദേശ ബാങ്ക് ജീവനക്കാരനും പങ്കുണ്ടെന്ന് സംശയം. ഇതേത്തുടർന്ന് തമിഴ്നാട് സ്വദേശിക്കുവേണ്ടി പ്രത്യേക അന്വേഷണ സംഘം തെരച്ചിൽ ആരംഭിച്ചു.

വിദേശ ബാങ്ക് ആയ ഡവലപ്മെൻറ് ബാങ്ക് ഓഫ് സിംഗപുർ ലിമിറ്റഡിന്റെ (ഡിബിഎസ്) തിരുപ്പുർ ബ്രാഞ്ചിൽ ജോലി ചെയ്യുന്ന കാർത്തിക്കിനെയാണ് പോലീസ് തെരയുന്നത്. ഇയാൾ ഒളിവിലാണുള്ളത്. തമിഴ്നാട് മേട്ടുപാളയം പാത്തി സ്ട്രീറ്റ് സ്വദേശി മധ ജയകമാർ തട്ടിയെടുത്ത സ്വർണം വിദേശബാങ്കിലാണു പണയംവച്ചത്.

ഈ ബാങ്കിലെ ജീവനക്കാരനാണ് കാർത്തിക്. ഇത്രയധികം സ്വർണം പണയം വയ്ക്കാൻ മധജയകുമാറിനെ കാർത്തിക് സഹായിച്ചതായാണ് അന്വേഷണ സംഘം സംശയിക്കുന്നത്. ബിനാമികളായ 20 ആളുകളുടെ പേരിലാണ് സ്വർണം പണയം വച്ചത്. കാർത്തിക്കിനെ പിടികൂടിയാൽ മാത്രമേ തട്ടിപ്പിന്റെ കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ കഴിയുകയുള്ളു.

കാർത്തിക്കിനെ പിടികൂടാൻ കേരള പോലീസ് തമിഴ്നാട് പോലീസിന്റെ സഹായം തേടിയിട്ടുണ്ട്. ബാങ്ക് ഓഫ് മഹാരാഷ്ട്ര വടകര ശാഖയിൽനിന്ന് 26.24 കിലോ സ്വർണാഭരണമാണ് മധ ജയകുമാർ തട്ടിയെടുത്തിരുന്നത്. 2021 ജൂൺ 13നും 2024 ജൂലൈ ആറിനുമിടയിലാണ് തട്ടിപ്പുനടന്നതെന്നാണ് സൂചന.

42 അക്കൗണ്ടുകളിൽ നിന്നാണ് 17,20,35,717 രൂപയുടെ സ്വർണം മാറ്റിയത്. മധ ജയകുമാർ തട്ടിയെടുത്ത 5.30 കിലോ സ്വർണം തഞ്ചാവൂരിലെ ഒരു സ്വകാര്യ ബാങ്കിൽ നിന്ന് കണ്ടെടുത്തിരുന്നു. കൂടുതൽ തെളിവെടുപ്പുകൾക്കായി 10 ദിവസം മധജയകുമാറിനെ കസ്റ്റഡിയിൽ വിട്ടുകിട്ടാൻ ക്രൈംബ്രാഞ്ച് വീണ്ടും കോടതിയെ സമീപിക്കും.

# പാക് മണ്ണിൽ പരമ്പര തൂത്തുവാരി; ടെസ്റ്റിൽ പുതുചരിത്രംകുറിച്ച് ബംഗ്ലാ കടുവകൾ

റാവൽപിണ്ടി: പാക്കിസ്ഥാനെതിരേ അവരുടെ മണ്ണിൽ ടെസ്റ്റ് പരമ്പര നേടി ചരിത്രംകുറിച്ച് ബംഗ്ലാദേശ്. രണ്ടാം ടെസ്റ്റിൽ ആറ് വിക്കറ്റിന്റെ ഉജ്വല വിജയം നേടിയ ബംഗ്ലാ കടുവകൾ രണ്ടു മത്സരങ്ങളുടെ പരമ്പര തൂത്തുവാരി.

ഒന്നാം ടെസ്റ്റിൽ ബംഗ്ലാദേശ് പത്ത് വിക്കറ്റിന്റെ തകർപ്പൻ ജയം സ്വന്തമാക്കിയിരുന്നു. ആദ്യ മത്സരത്തിലെ ജയത്തോടെ ചരിത്രത്തിലാദ്യമായി പാക്കിസ്ഥാനെതിരേ ടെസ്റ്റ് വിജയമെന്ന നേട്ടം ബംഗ്ലാദേശ് സ്വന്തമാക്കിയിരുന്നു. ഇതിനു പിന്നാലെയാണ് പരമ്പര നേട്ടം.

വിജയത്തിനായി വേണ്ടിയിരുന്ന 185 റൺസ് നാലു വിക്കറ്റ് മാത്രം നഷ്ടത്തിൽ അവർ മറികടന്നു. ഓപ്പണർ സാക്കിർ ഹസൻ (40), ഷദ്മൻ ഇസ്ലാം (24), ക്യാപ്റ്റൻ നജ്മൽ ഹുസൈൻ ഷാൻറോ (38), മൊമിനുൽ ഹഖ് (34) എന്നിവരുടെ വിക്കറ്റുകളാണ് നഷ്ടമായത്. ഷാക്കിബ് അൽ ഹസൻ (21), മുഷ്ഫിഖുർ റഹിം (22) എന്നിവർ പുറത്താകാതെ നിന്നു.

ആദ്യ ഇന്നിംഗ്സിൽ പാക്കിസ്ഥാന്റെ 274 റൺസിനു മറുപടിയായി ബംഗ്ലാദേശ് 262 റൺസിനു പുറത്തായിരുന്നു. എന്നാൽ 12 റൺസിന്റെ നേരിയ ലീഡുമായി രണ്ടാം ഇന്നിംഗ്സിനിറങ്ങിയ പാക്കിസ്ഥാൻ വെറും 172 റൺസിനു പുറത്തായി.

സൽമാൻ ആഘ (47 നോട്ടൗട്ട്), മുഹമ്മദ് റിസ്വാൻ (43), ക്യാപ്റ്റൻ ഷാൻ മസൂദ് (28) എന്നിവർക്ക് മാത്രമാണ് കാര്യമായ സംഭാവന നല്കാനായത്. അഞ്ചു വിക്കറ്റുകൾ വീഴ്ത്തിയ ഹസൻ മഹ്മൂദും നാല് വിക്കറ്റുകൾ സ്വന്തമാക്കിയ നഹിദ് റാണയുമാണ് പാക് ബാറ്റിംഗ് നിരയെ തകർത്തത്.

# 'അമ്മയ്ക്കു തലയും നട്ടെല്ലുമില്ല, ഭരണസമിതിയുടെ രാജി നിരുത്തരവാദപരം': നടി പത്മപ്രിയ

കൊച്ചി: ഭാരവാഹികൾ കൂട്ടരാജിവച്ച താരസംഘടനയായ അമ്മയ്ക്ക് തലയും നട്ടെല്ലുമില്ലെന്ന് തുറന്നടിച്ച് നടി പത്മപ്രിയ. നിരുത്തരവാദപരമായ നടപടിയാണ് അമ്മയിലെ ഭരണസമിതിയുടെ രാജിയെന്നും ഒരു സ്വകാര്യ ചാനലിന് അനുവദിച്ച അഭിമുഖത്തിൽ പത്മപ്രിയ ആവശ്യപ്പെട്ടു.

സിനിമയിൽ പവർ ഗ്രൂപ്പുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ട് നാലര വർഷം പുറത്തുവിടാതിരുന്നതിന് സർക്കാർ മറുപടി പറയണം. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാൽ മാത്രം പോരാ. കമ്മിറ്റി ശിപാർശകളിൽ എന്ത് നടപടികൾ സ്വീകരിക്കുന്നുവെന്നതിൽ ഇപ്പോഴും വ്യക്തതയില്ലെന്നും പത്മപ്രിയ കൂട്ടിച്ചേർത്തു.

അമ്മയിലെ കൂട്ടരാജി പ്രതീക്ഷിച്ചിരുന്നില്ല. എന്ത് ധാർമികത ഉയർത്തിയാണ് രാജിയെന്ന് മനസിലാവുന്നില്ല. ആരെല്ലാം നിഷേധിച്ചാലും സിനിമയിൽ പവർ ഗ്രൂപ്പുണ്ട്. വെറുമൊരു ലൈംഗികാരോപണം എന്ന നിലയിലാണ് ഇപ്പോഴത്തെ സംഭവങ്ങളെ സിനിമാ സംഘടനകൾ കാണുന്നതെന്നും അവർ പറഞ്ഞു.

പവർ ഉള്ളതുകൊണ്ടാണ് ലൈംഗികാതിക്രമം നടക്കുന്നത്. പോയിക്കണ്ടതിന് പിന്നാലെ മുഖ്യമന്ത്രി ഹേമ കമ്മിറ്റിയെ നിയോഗിച്ചു എന്നത് വലിയ കാര്യമാണ്. എന്നാൽ എന്തുകൊണ്ടാണ് നാലര വർഷം റിപ്പോർട്ട് പുറത്ത് വിടാതിരുന്നത് എന്നത് സർക്കാർ വിശദീകരണം. അതിനുശേഷം സർക്കാർ ചെയ്തത് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുക എന്നതാണ്. അതുമാത്രം പോരെന്നും പത്മപ്രിയ പറഞ്ഞു.

# ഹൈക്കോടതി കൊളീജിയത്തിനെതിരേ ഹർജി; പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: കേരള ഹൈക്കോടതി കൊളീജിയത്തിനെതിരേ ജഡ്ജിമാർ സമർപ്പിച്ച ഹർജി പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീംകോടതി.

ജില്ലാ ജഡ്ജിമാരായ പി.പി. സെയ്ദലവി, കെ.ടി. നിസാർ അഹമ്മദ് എന്നിവരുടെ പേരുകൾ ഹൈക്കോടതി ജഡ്ജിമാരായി ഉയർത്തുന്നത് പരിഗണിക്കാത്തതിനെതിരേ സമർപ്പിച്ച റിട്ട് ഹർജിയാണ് സുപ്രീംകോടതി പരിഗണിക്കാൻ വിസമ്മതിച്ചത്.

ജസ്റ്റീസുമാരായ ഹൃഷികേശ് റോയ്, എസ്.വി.എൻ. ഭട്ടി എന്നിവരടങ്ങിയ ബെഞ്ച് വിഷയം പരിഗണിക്കാൻ വിമുഖത കാണിച്ചതോടെ ഹർജി തള്ളുമെന്ന് കണ്ട് ഹർജിക്കാരുടെ അഭിഭാഷകൻ ഹർജി പിൻവലിക്കുകയായിരുന്നു.

ഹൈക്കോടതി ജഡ്ജിമാരായി നിയമനം ആവശ്യപ്പെടുന്നത് അവസരങ്ങളുടെ സമത്വത്തിനു വേണ്ടിയാണെന്ന് ഹർജിക്കാർ കോടതിയിൽ വാദിച്ചു.

ഹിമാചൽപ്രദേശിൽ നിന്നുള്ള സമാനമായ ഹർജി സുപ്രീംകോടതി പരിഗണിച്ചതായും ഹർജിക്കാർ ചൂണ്ടിക്കാട്ടി. എന്നാൽ സുപ്രീംകോടതി കൊളീജിയംതന്നെ ജഡ്ജിമാരുടെ പേരുകൾ പരിഗണിക്കാൻ ആവശ്യപ്പെട്ട കേസായിരുന്നു അതെന്ന് കോടതി പറഞ്ഞു.

# പാപ്പനംകോട് തീപിടിത്തം; ഓഫീസിൽ നിന്ന് കത്തി കണ്ടെത്തി

തിരുവനന്തപുരം: പാപ്പനംകോട് ഇൻഷ്വറൻസ് കമ്പനി ഓഫീസിൽ തീപിടിത്തമുണ്ടായി രണ്ടു പേർ വെന്തുമരിച്ച സംഭവം കൊലപാതകമെന്ന് സംശയം. സ്ഥാപനത്തിലെ ജീവനക്കാരി വൈഷ്ണയും മറ്റൊരു പുരുഷനുമാണ് മരിച്ചത്.

ഓഫീസിൽ പോലീസ് നടത്തിയ പരിശോധനയിൽ കത്തി കണ്ടെത്തി. വൈഷ്ണയെ കുത്തിയ ശേഷം തീകൊളുത്തിയെന്നാണ് പോലീസ് സംശയിക്കുന്നത്. വൈഷ്ണയ്ക്കൊപ്പം മരിച്ച പുരുഷൻ ആരാണെന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ല.

തീപിടുത്തതിന് പിന്നാലെ വൈഷ്ണയുടെ ഭർത്താവിനെ കാണാനില്ല. ഇയാളെ കേന്ദ്രീകരിച്ചാണ് പോലീസ് അന്വേഷണം നടത്തുന്നത്. രണ്ടാമത്തെ മൃതദേഹം തിരിച്ചറിയാൻ ഡിഎൻഎ പരിശോധന നടത്താനുള്ള ഒരുക്കത്തിലാണ് പോലീസ്.

ഷോർട്ട് സർക്യൂട്ടല്ല അപകടകരാണമെന്ന് പ്രാഥമികമായി മനസിലാക്കിയ പോലീസ് വൈഷ്ണയുടെ സഹോദനെ വിളിച്ച് കാര്യങ്ങൾ തിരിക്കിയപ്പോഴാണ് കുടുംബ പ്രശ്നങ്ങളുണ്ടെന്ന് വ്യക്തമായത്.

നാലു വ!ർഷമായി രണ്ടു കുട്ടികൾക്കൊപ്പം സ്ഥാപനത്തടുത്ത് വാടക വീട്ടിലാണ് വൈഷ്ണ താമസിക്കുന്നത്. ഭർത്താവ് ബിനു മുമ്പും ഈ സ്ഥാപനത്തിൽ വന്ന് പ്രശ്നങ്ങളുണ്ടാക്കിയെന്നാണ് സമീപത്തെ സ്ഥാപനത്തിലുള്ളവർ പറയുന്നത്.

# മുകേഷ് രണ്ട് ദിവസത്തിനകം രാജിവയ്ക്കണം, അല്ലാത്തപക്ഷം എകെജി സെൻററിന് മുന്നിൽ പ്രതിഷേധിക്കും: കെ. അജിത

കോഴിക്കോട്: ലൈംഗികാതിക്രമ കേസിലുൾപ്പെട്ട നടനും എംഎൽഎയുമായ എം. മുകേഷ് രാജിവയ്ക്കണമെന്ന് ആക്ടിവിസ്റ്റും മനുഷ്യാവകാശ പ്രവർത്തകയുമായ കെ. അജിത. അദ്ദേഹം രണ്ട് ദിവസത്തിനുള്ളിൽ രാജിവെച്ചില്ലെങ്കിൽ എകെജി സെൻററിന് മുന്നിൽ പ്രതിഷേധിക്കുമെന്നും അവർ പറഞ്ഞു.

സർക്കാർ ഇതുവരെ ചെയ്ത നല്ല പ്രവർത്തനങ്ങൾ മുഴുവൻ ഇല്ലാതാക്കുന്നതാണ് മുകേഷിനെ സംരക്ഷിക്കുന്ന നിലപാട്. വേട്ടക്കാരെ സംരക്ഷിക്കുന്ന നിലപാട് ഇടതുസർക്കാർ സ്വീകരിക്കരുത്. മറ്റുപാർട്ടിക്കാർ സ്ഥാനത്തു തുടർന്നല്ലോ എന്ന ന്യായീകരണം ഇടതു സർക്കാരിൽനിന്ന് പ്രതീക്ഷിക്കുന്നില്ലെന്നും അവർ പറഞ്ഞു.ആരോപണം ഉയർന്നാൽ പൊതുപ്രവർത്തകർ സ്ഥാനങ്ങളിൽനിന്ന് പുറത്തുപോകുന്ന കീഴ് വഴക്കം നേരത്തെ ഉണ്ടായിരുന്നു. ഇപ്പോൾ കേസ് തെളിഞ്ഞാൽ പുറത്തുപോവാമെന്നായി മാറി. അത് മാറ്റണം. ആരോപണം നേരിടുന്നവർ പുറത്തുപോകണം.മുകേഷിന്റെ രാജി ആവശ്യപ്പെട്ട് സ്ത്രീപക്ഷ പ്രവർത്തകരുടെ കൂട്ടായ്മ സിപിഎം, സിപിഐ സംസ്ഥാന, ദേശീയ നേതാക്കൾക്ക് കത്തയച്ചതായും അജിത അറിയിച്ചു.

# കാണാതായ കോളജ് വിദ്യാർഥിയുടെ മൃതദേഹം കണ്ടെത്തി

കോട്ടയം: കാണാതായ കോളജ് വിദ്യാർഥിയുടെ മൃതദേഹം മീനച്ചിലാറ്റിൽ കണ്ടെത്തി. കോട്ടയം എസ്എംഇ കോളജിലെ ഒന്നാം വർഷ എംഎൽടി വിദ്യാർഥി അജാസ് ഖാന്റെ മൃതദേഹമാണ് കുടമാളൂർ പാലത്തിന് സമീപത്തു നിന്ന് കണ്ടെത്തിയത്. തിങ്കളാഴ്ച രാത്രി മുതലാണ് വിദ്യാർഥിയെ കാണാതായത്. തുടർന്ന് പനമ്പാലം കേന്ദ്രീകരിച്ച് നടത്തിയ തെരച്ചിലിൽ സിസിടിവി ദൃശ്യങ്ങൾ കണ്ടെത്തിയിരുന്നു. ഇതിനെ തുടർന്നാണ് ആറ്റിൽ ഫയർ ഫോഴ്സ് തെരച്ചിൽ നടത്തിയത്. മൃതദേഹം ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. നിയമപരമായ നടപടിക്രമങ്ങൾക്കും പോസ്റ്റ്മോർട്ടത്തിനും ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് പോലീസ് അറിയിച്ചു.

# ഡിസൈൻ ബിരുദ പ്രോഗ്രാമിലേക്ക് അഡ്മിഷൻ

കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, A-I-CT-E അംഗീകാരത്തോടെ (അജഖഗഠഡ അഫിലിയേഷനോട് കൂടി) നടത്തുന്ന നാലു വർഷ ഡിസൈൻ ബിരുദ പ്രോഗ്രാമിലേക്കുള്ള സ്പോട്ട് അഡ്മിഷന് അപേക്ഷ ക്ഷണിച്ചു. ഹയർ സെക്കൻഡറി/തത്തുല്യമായ പരീക്ഷകളോ 45 ശതമാനം മാർക്കോ അതിൽ കൂടുതലോ കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. അപേക്ഷകർ ഗടഉഅഠ/ഡഇഋഋഉ/ചകഉ/ചകഎഠ/ചഅഠഅ എന്നീ പ്രവേശന പരീക്ഷകളിൽ ഏതെങ്കിലും യോഗ്യത നേടിയവരായിരിക്കണം

പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം സെപ്റ്റംബർ 4ന് രാവിലെ 11 മണിക്ക് മുൻപായി കൊല്ലം ചന്ദനത്തോപ്പ് കാമ്പസിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക്: ംംം.സശെറ.മര.ശി, ഫോൺ: 0474 2719193.

# കേരള ക്രിക്കറ്റ് ലീഗ്: ഏരീസ് കൊല്ലം സെയ്ലേഴിന് എട്ടു വിക്കറ്റ് ജയം

തിരുവനന്തപുരം: കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയ്!ലേഴ്സിനു വിജയത്തുടക്കം. കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനെതിരെ എട്ട് വിക്കറ്റ് വിജയമാണ് കൊല്ലം നേടിയത്. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത കാലിക്കറ്റ് ഒമ്പതു വിക്കറ്റ് നഷ്ടത്തിൽ 104 റൺസ് മാത്രമേ നേടിയുള്ളൂ.കൊല്ലത്തിനു വേണ്ടി കെ.എം.ആസിഫ് മൂന്നും, എൻ.പി ബേസിലും സച്ചിൻ ബേബിയും രണ്ടു വിക്കറ്റ് വീതം നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഏരീസ് കൊല്ലം 16.4 ഓവറിൽ ലക്ഷ്യം കണ്ടു. ഓപ്പണർ അഭിഷേക് നായർ (61) അർധ സെഞ്ചുറി നേടി.47 പന്തിൽ നാലു സിക്സുകളും മൂന്നു ഫോറുകളും അടക്കം 61 റൺസ് നേടിയ അഭിഷേകിനെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

# താൽപര്യപത്രം ക്ഷണിച്ചു

കേരള നിയമസഭയുടെ 2025 വർഷത്തെ ഡയറികൾ അച്ചടിച്ച് നൽകുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റ് താൽപര്യപത്രം ക്ഷണിച്ചു. സെപ്റ്റംബർ 7ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പ് സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം 695033 എന്ന വിലാസത്തിലോ researchkla@gmail.com ലോ ലഭ്യമാക്കണം. വിശദാംശങ്ങൾക്ക്: www.niyamasabha.org, (0471) 2512079, 2512019.

# താൽപര്യപത്രം ക്ഷണിച്ചു

കേരള നിയമസഭയുടെ 2025 വർഷത്തെ ഡയറികൾ അച്ചടിച്ച് നൽകുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റ് താൽപര്യപത്രം ക്ഷണിച്ചു. സെപ്റ്റംബർ 7ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പ് സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം 695033 എന്ന വിലാസത്തിലോ researchkla@gmail.com ലോ ലഭ്യമാക്കണം. വിശദാംശങ്ങൾക്ക്: www.niyamasabha.org, (0471) 2512079, 2512019.

# രാജ്യത്ത് ആഴ്ചയിൽ അഞ്ച് പേർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെടുന്നുവെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: രാജ്യത്ത് ആഴ്ചയിൽ അഞ്ച് പേർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെടുന്നുവെന്ന് ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ (എൻസിആർബി) റിപ്പോർട്ട്.

2017നും 2022നുമിടയിൽ 1551 പേർ ബലാത്സംഗത്തിനോ കൂട്ടബലാത്സംഗത്തിനോ ഇരയായി മരണപ്പെട്ടിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഓരോ വർഷവും ശരാശരി 250തിലധികം പേർ കൊല്ലപ്പെടുന്നുവെന്ന കണക്കിൽ കൂടുതൽ കേസുകളും റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഉത്തർപ്രദേശിലാണ്. ആറുവർഷത്തിനിടെ 280 കേസുകൾ ഉത്തർപ്രദേശിൽ റിപ്പോർട്ട് ചെയ്തപ്പോൾ മധ്യപ്രദേശിൽ 207 കേസുകളും ആസാമിൽ 205 കേസുകളും രേഖപ്പെടുത്തി.

അതേസമയം വിചാരണ പൂർത്തിയാക്കിയ 308 കേസുകളിൽ 65 ശതമാനം കേസുകളിൽ മാത്രമാണ് കുറ്റാരോപിതർ ശിക്ഷിക്കപ്പെട്ടിട്ടുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു.

# 14,235 കോടിയുടെ കാർഷിക പദ്ധതികൾക്ക് അംഗീകാരം

ന!്യൂഡൽഹി: കർഷകരുടെ ജീവിതവും വരുമാനവും വർധിപ്പിക്കുന്നതിനായി 14,235.30 കോടി രൂപയുടെ ഏഴു പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം അംഗീകരിച്ചു.


2,817 കോടി രൂപ വകയിരുത്തിയ ഡിജിറ്റൽ കൃഷി ദൗത്യമാണ് ഒരു പദ്ധതി. ഭക്ഷ്യ, പോഷക സുരക്ഷയ്ക്കായി വിളശാസ്ത്രം പദ്ധതിയിൽ പദ്ധതി 3,979 കോടി രൂപയുടേതാണ്. കാർഷിക വിദ്യാഭ്യാസവും പരിപാലനവും സാമൂഹ്യ ശാസ്ത്രങ്ങളും ശക്തമാക്കൽ പദ്ധതിക്ക് 2,291 കോടി രൂപയാണ് ചെലവ്.

സുസ്ഥിര ജീവശാസ്ത്ര ആരോഗ്യവും ഉത്പാദനവും പദ്ധതിക്ക് 1,702 കോടി രൂപ ചെലവു കണക്കാക്കുന്നു. സുസ്ഥിര ഹോർട്ടികൾച്ചർ വികസനത്തിന് 1129.30 കോടി രൂപയുടെ പദ്ധതിയാണ്. കൃഷി വിജ്ഞാന കേന്ദ്രം ശക്തമാക്കാനായി 1,202 കോടി രൂപയും പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി 1,115 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.



**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊല്ലം കോർപറേഷന്റെ വിഹിതമായ രണ്ട് കോടി രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു**

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



വയനാട് പുനർനിർമാണ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിഹിതമായ അഞ്ച് കോടി രൂപ ബാങ്ക് ചീഫ് ജനറൽ മാനേജർ ഭുവനേശ്വരി.എ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.

# പാപ്പനംകോട്ടെ തീപിടിത്തത്തിൽ ദുരൂഹത; മരിച്ച പുരുഷനെ കുറിച്ച് അന്വേഷണം തുടങ്ങി

തിരുവനന്തപുരം: പാപ്പനംകോട്ടെ ന്യൂ ഇന്ത്യ അഷറൻസ് കമ്പനിയുടെ ഓഫീസിലുണ്ടായ തീപിടിത്തത്തിൽ ദുരൂഹത. ഓഫീസിലെ ജീവനക്കാരി വൈഷ്ണവിക്കൊപ്പം മരിച്ചത് പുരുഷനാണെന്ന് സ്ഥിരീകരിച്ചതിന് പിന്നാലെയാണ് ദുരൂഹത ഉയ!ർന്നത്.

വൈഷ്ണവിക്ക് കുടുംബ പ്രശ്നങ്ങൾ ഉണ്ടായിരുന്നതും മുൻപ് ഭർത്താവ് ബിനു ഓഫീസിലെത്തി പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നുവെന്നും പോലീസിന് വിവരം ലഭിച്ചു. പിന്നാലെ ബിനുവിനെ ഫോണിൽ ബന്ധപ്പെട്ടെങ്കിലും സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്.

സംഭവം സബ് കളക്ടർ അന്വേഷിക്കുമെന്നും നാളെ സബ് കളക്ടർ റിപ്പോർട്ട് സമർപ്പിക്കുമെന്നും മന്ത്രി കെ.രാജൻ പറഞ്ഞു. പാപ്പനംകോട് ജംഗ്ഷനിലെ ഇരുനില കെട്ടിടത്തിൽ പ്രവ!ർത്തിക്കുന്ന ന്യൂ ഇന്ത്യ അഷറൻസ് കമ്പനിയുടെ വാഹന ഇൻഷ്വറൻസ് അടയ്ക്കുന്ന സ്ഥാപനത്തിലാണ് തീപിടിത്തം ഉണ്ടായത്.വൈഷ്ണവിയാണ് മരിച്ച ഒരാളെന്നും സ്ഥാപനത്തിൽ ഇൻഷ്വറൻസ് അടയ്ക്കാനെത്തിയ ആളാണ് മരിച്ച രണ്ടാമത്തെയാളെന്നും നേരത്തെ സംശയം ഉയർന്നിരുന്നു. മൃതദേഹങ്ങൾ കത്തിക്കരിഞ്ഞ നിലയിലായതിനാൽ മരിച്ച രണ്ടാമത്തെയാളെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല.

ഇതിന് പിന്നാലെയാണ് വൈഷ്ണവിയുടെ കുടുംബ പ്രശ്നങ്ങൾ പോലീസിന്റെ ശ്രദ്ധയിലെത്തിയത്. ഏഴ് വർഷമായി വൈഷ്ണവി ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഇവ!ർക്ക് രണ്ടാം ക്ലാസിലും മൂന്നാം ക്ലാസിലും പഠിക്കുന്ന രണ്ട് കുട്ടികളുണ്ട്.

നരുവാമൂട് സ്വദേശി ബിനുവാണ് വൈഷ്ണവിയുടെ ഭർത്താവ്. ബിനുവാണോ തീപിടിത്തത്തിൽ മരിച്ച രണ്ടാമത്തെയാളെന്നാണ് അന്വേഷിക്കുന്നത്. സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പെട്ടെന്ന് പൊട്ടിത്തെറി ഉണ്ടായെന്നും പിന്നാലെ തീ ആളിപ്പടർന്നു എന്നുമാണ് ദൃക്സാക്ഷികൾ മൊഴി നൽകിയത്.അതിവേഗം തീ പടർന്നു. തുടർന്ന് ഫയ!ർ ഫോഴ്സ് സ്ഥലത്തെത്തി തീ പൂർണമായി അണയ്ക്കുകയായിരുന്നു. ഈ സമയത്താണ് കത്തിക്കരിഞ്ഞ നിലയിൽ രണ്ട് പേരെ ഓഫീസിൽ നിന്ന് കണ്ടെത്തിയത്.

# ട്രിവാൻഡ്രം റോയൽസിനെ തകർത്തു; ആലപ്പിക്ക് രണ്ടാം വിജയം

തിരുവനന്തപുരം: കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിന് തുടർച്ചയായ രണ്ടാം വിജയം. ട്രിവാൻഡ്രം റോയൽസിനെ 33 റൺസിന് പരാജയപ്പെടുത്തിയാണ് ആലപ്പി തങ്ങളുടെ ജൈത്രയാത്ര തുടരുന്നത്.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ ആലപ്പി നിശ്ചിത ഓവറിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 145 റൺസാണ് നേടിയത്. ഓപ്പണർമാരായ കൃഷ്ണപ്രസാദും (23 പന്തിൽ 23), ക്യാപ്റ്റൻ മുഹമ്മദ് അസ്ഹറുദ്ദീനും (19 പന്തിൽ 28) മികച്ച തുടക്കമാണ് ആലപ്പിക്ക് നൽകിയത്.

ട്രിവാൻഡ്രം റോയൽസിന് വേണ്ടി അഖിൻ സത്താറും എം.യു.ഹരികൃഷ്ണനും രണ്ടു വിക്കറ്റ് വീതം നേടി. 146 റൺസ് വിജയ ലക്ഷ്യവുമായി ഇറങ്ങിയ ട്രിവാൻഡ്രം റോയൽസ് 18.1 ഓവറിൽ 112 റൺസിനു എല്ലാവരും പുറത്തായി. ഒരു ഘട്ടത്തിൽ 14/4 എന്ന നിലയിലേക്ക് റോയൽസ് വീണിരുന്നു.

തുടർന്ന് ക്യാപ്റ്റൻ അബ്ദുൽ ബാസിത്ത് (31 പന്തിൽ 45), ഗോവിന്ദ് പൈ (15 പന്തിൽ 13), എം.എസ്.അഖിൽ (36 പന്തിൽ 38) എന്നിവരുടെ രക്ഷാപ്രവർത്തനമാണ് ടീമിനെ വലിയ നാണക്കേടിൽ നിന്ന് രക്ഷിച്ചത്.

മൂവരും പുറത്തായതോടെ ട്രിവാൻഡ്രത്തിൻറെ പോരാട്ടവും അവസാനിച്ചു. ആലപ്പിക്കായി ഫാസിൽ ഫനൂസ്, ആനന്ദ് ജോസഫ് എന്നിവർ നാലു വിക്കറ്റുകൾ വീതം വീഴ്ത്തി. ഫായിസൽ ഫാനൂസിനെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

# 'ഹേമ കമ്മിറ്റി റിപ്പോർട്ടിൽ വിശ്വാസമില്ല, സ്ത്രീകൾക്കെതിരെ സ്ത്രീകളുടെ കൂട്ടായ്മ പ്രവർത്തിക്കുന്നു'

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ വിശ്വാസമില്ലെന്ന് ഡബ്ബിങ് ആർട്ടിസ്റ്റ് ഭാ?ഗ്യലക്ഷ്മി. 18 പേരുടെ വിവരം ഹേമ കമ്മിറ്റിക്ക് കൈമാറി. എന്നാൽ അവർ ആരെയും വിളിച്ചില്ല. ലൈം?ഗിക ചൂഷണം ഉണ്ടായോ എന്നു മാത്രമാണ് ഹേമ കമ്മിറ്റി ചോദിച്ചത്. മറ്റു പ്രശ്നങ്ങളറിയാൻ അവർക്ക് താത്പര്യമുണ്ടായിരുന്നില്ലെന്നും ഭാ?ഗ്യലക്ഷ്മി പറഞ്ഞു.

കൊച്ചിയിലെ ഫെഫ്ക യോഗത്തിൽ ഭാഗ്യലക്ഷ്മി തന്നോട് പൊട്ടിത്തെറിച്ചുവെന്നും മാധ്യമങ്ങളോട് സംസാരിച്ചതിന് രൂക്ഷമായി പ്രതികരിച്ചുവെന്ന് തൃശൂർ സ്വദേശിയായ ഹെയർസ്റ്റൈലിസ്റ്റ് ആരോപിച്ചിരുന്നു. മലർന്ന് കിടന്ന് തുപ്പരുതെന്ന് തന്നോട് പറഞ്ഞെന്നും ഭാഗ്യലക്ഷ്മി പരാതി പറഞ്ഞവരുടെ വായടപ്പിച്ചുവെന്നും ഇവർ പറഞ്ഞിരുന്നു. ഇതിന് മറുപടി നൽകാൻ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിലാണ് ഹേമ കമ്മിറ്റി റിപ്പോർട്ടിനെതിരെയും ഡബ്ല്യൂ.സി.സിക്കെതിരെയും അവർ തുറന്നടിച്ചത്.

'ഹേമ കമ്മിറ്റി റിപ്പോർട്ട് ഒരു വിഭാ?ഗത്തിന്റേതു മാത്രമാണ്. എല്ലാവരേയും കേൾക്കാൻ ഹേമ കമ്മിറ്റി തയ്യാറായില്ല. ഡബ്ബിങ് ആർട്ടിസ്റ്റുകളുടേയും മേക്കപ്പ് ആർട്ടിസ്റ്റുകളുടേയും സംഘടനകളിൽനിന്ന് താനുൾപ്പെടെ നാലുപേർ മാത്രമാണ് അവരെ കാണാൻ പോയത്. പതിനെട്ടു പേരുടെ പേരുകൾ കമ്മിറ്റിക്ക് നൽകിയിരുന്നെങ്കിലും അവരെ ആരെയും കമ്മിറ്റി വിളിക്കുകയോ കേൾക്കുകയോ ചെയ്തില്ല. എന്തിനാണ് സർക്കാർ ഹേമ കമ്മിറ്റി രൂപീകരിച്ചത്? സ്ത്രീകൾക്ക് സിനിമാ തൊഴിലിടത്തിൽ എന്തെല്ലാം രീതിയിലുള്ള ബുദ്ധിമുട്ടുകളാണ് ഉണ്ടാകുന്നതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ്. ആ റിപ്പോർട്ട് പുറത്തുവന്ന അന്നുമുതൽ ഈ സിനിമാ ലോകത്തുള്ള സകല സ്ത്രീകളേയും ഒന്നടങ്കം അപമാനിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായിരുന്നോ ആ കമ്മിറ്റിയുണ്ടാക്കിയത്? അങ്ങനെയെങ്കിൽ ആ കമ്മിറ്റി ചെയ്തത് ഏറ്റവും വലിയ ദ്രോഹമാണ്. സ്ത്രീകളുടെ പേരെടുത്ത് ആരോപണം ഉന്നയിച്ചാൽ തെരുവിലിറങ്ങും.' ഭാ?ഗ്യലക്ഷ്മി പറഞ്ഞു.

ചൂഷണത്തെക്കുറിച്ച് അറിഞ്ഞിരുന്നെങ്കിൽ ജസ്റ്റിസ് ഹേമ ആദ്യം പോലീസിനെ അറിയിക്കണമായിരുന്നെന്ന് ഭാ?ഗ്യലക്ഷ്മി പറഞ്ഞു. മുഖം മറച്ചുകൊണ്ടാണ് അതിജീവിതമാർ സംസാരിച്ചത്. പക്ഷേ മുഖം കാണിച്ചുകൊണ്ടാണ് തങ്ങളിപ്പോൾ സംസാരിക്കുന്നതെന്നും അവർ പറഞ്ഞു. ഡബ്ല്യൂ.സി.സി.ക്കെതിരെ രൂക്ഷമായ വിമർശനമാണ് അവർ ഉന്നയിച്ചത്. സ്ത്രീകൾക്കെതിരെ സ്ത്രീകളുടെ കൂട്ടായ്മ പ്രവർത്തിക്കുന്നു. അതിനു പിന്നിൽ പുരുഷന്മാരുമുണ്ട്. സംഘടനയെ തകർക്കുകയാണ് അവരുടെ ലക്ഷ്യം. ചലച്ചിത്രമേഖലയിലെ ലഹരി മാഫിയക്കെതിരെ അന്വേഷണം വേണമെന്നും ഭാ?ഗ്യലക്ഷ്മി പറഞ്ഞു.

# അർജൻറീന ഫുട്ബോൾ ടീമിനെ കേരളത്തിലേക്കു ക്ഷണിക്കും

## കായിക മന്ത്രി ബുധനാഴ്ച സ്പെയിനിലേക്ക്

തിരുവനന്തപുരം: അർജൻറീന ഫുട്ബോൾ ടീമിനെ കേരളത്തിലേക്കു നേരിട്ടു ക്ഷണിക്കാൻ കായിക മന്ത്രി വി.അബ്ദുറഹിമാൻ ബുധനാഴ്ച സ്പെയിനിലേക്ക് യാത്ര തിരിക്കും. മാഡ്രിഡിലെത്തുന്ന മന്ത്രി അർജൻറീന ടീം പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തും.

അർജൻറീന ടീം കഴിഞ്ഞ ലോകകപ്പ് കിരീടം നേടിയപ്പോൾ തന്നെ കേരളത്തിലേക്ക് ടീമിനെ എത്തിക്കാൻ ശ്രമിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. അതിൻറെ ഭാഗമായാണ് മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം സ്പെയിനിലേക്ക് പോകുന്നത്.

കേരളത്തിൽ കളിക്കാൻ സന്നദ്ധത അറിയിച്ച് അർജൻറീന ഫുട്ബോൾ ടീം ഇമെയിൽ സന്ദേശമയച്ചതായി മന്ത്രി വി. അബ്ദു റഹിമാൻ കഴിഞ്ഞ ജനുവരിയിൽ വ്യക്തമാക്കിയിരുന്നു. 2025 ഒക്ടോബറിൽ കേരളത്തിലെത്താനാണ് അർജൻറീന ഫുട്ബോൾ ടീം സന്നദ്ധത അറിയിച്ചതെന്നും മന്ത്രി പറഞ്ഞു.

# ഇസ്രയേലിന് ആയുധം നിഷേധിച്ച് ബ്രിട്ടൻ; ലജ്ജാകരമെന്ന് നെതന്യാഹു

ടെൽ അവീവ്: ഇസ്രയേലിന് ആയുധം നിഷേധിച്ച ബ്രിട്ടൻറെ നടപടി ലജ്ജാകരമെന്ന് ഇസ്രേലി പ്രധാന മന്ത്രി നെതന്യാഹു. കാടത്തത്തിനെതിരേ ഇസ്രയേലിനൊപ്പം നിൽക്കേണ്ട ബ്രിട്ടൻറെ തെറ്റായ തീരുമാനം ഹമാസിനെ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം സോഷ്യൽ മീഡിയയിൽ കുറിച്ചു.

മുപ്പതോളം ആയുധഭാഗങ്ങൾ ഇസ്രയേലിലേക്കു കയറ്റുമതി ചെയ്യേണ്ടെന്നാണു ബ്രിട്ടൻ കഴിഞ്ഞദിവസം തീരുമാനിച്ചത്. ഗാസയിലെ യുദ്ധത്തിൽ ഇവയുടെ ഉപയോഗം അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാകുമെന്ന ആശങ്കയാണു കാരണം.

ഇസ്രയേലിന് ആയുധം കയറ്റുമതി ചെയ്യുന്നതിനുള്ള 350 ലൈസൻസുകളിൽ 30 എണ്ണം റദ്ദാക്കാനാണു തീരുമാനമെന്നു ബ്രിട്ടീഷ് വിദേശകാര്യമന്ത്രി ഡേവിഡ് ലാമി അറിയിച്ചു. യുദ്ധവിമാനം, ഹെലികോപ്റ്റർ, ഡ്രോൺ മുതലായവയുടെ പാർട്സുകൾക്കാണ് നിരോധനം.

അതേസമയം, ബ്രിട്ടൻറെ നടപടി ഒട്ടും പര്യാപ്തമല്ലെന്നു മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇൻറർനാഷണൽ പ്രതികരിച്ചു.

ഇസ്രയേലിൻറെ ആയുധ ഇറക്കുമതിയിൽ ഒരു ശതമാനമേ ബ്രിട്ടനിൽനിന്നുള്ളൂ. എഴുപതു ശതമാനത്തിനടുത്ത് അമേരിക്കയിൽനിന്നാണ്.

# ജയിൽ ചാടാൻ ശ്രമം; കോംഗോയിൽ 129 പേർ കൊല്ലപ്പെട്ടു

കിൻഷാസ: ആഫ്രിക്കൻ രാജ്യമായ കോംഗോയിൽ തടവുകാർ ജയിൽ ചാടാൻ നടത്തിയ ശ്രമം 129 പേരുടെ മരണത്തിൽ കലാശിച്ചതായി സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

തലസ്ഥാനമായ കിൻഷാസയിലെ മകാല ജയിലിൽ തിങ്കളാഴ്ച പുലർച്ചെയായിരുന്നു സംഭവം. 24 തടവുകാരുടെ മരണം വെടിയേറ്റാണെന്ന് ആഭ്യന്തരമന്ത്രി ഷബാനി ലുക്കു പറഞ്ഞു. തിക്കിലും തിരക്കിലും പെട്ടാണു മറ്റുള്ളവരുടെ മരണം.

ജയിലിൽ മൃതദേഹങ്ങൾ കിടക്കുന്നതിൻറെയും തടവുകാർ സഹായത്തിനു കേഴുന്നതിൻറെയും വീഡിയോ പുറത്തുവന്നു.

അതീവ സുരക്ഷയുള്ള മകാല ജയിലിൻറെ ശേഷി 1,500 പേരാണെങ്കിലും 14,000 പേരെ ഇവിടെ തടവിലിട്ടിട്ടുണ്ട്. ഭക്ഷണത്തിൻറെയും ശുചിത്വത്തിൻറെയും അഭാവം തടവുകാരുടെ മരണത്തിൽ കലാശിക്കാറുണ്ട്.

തടവുകാരിൽ ആറു ശതമാനം മാത്രമാണു ശിക്ഷ അനുഭവിക്കുന്നതെന്നും ബാക്കിയുള്ളവർ നിയമസംവിധാനത്തിൻറെ അപാകതകൾ മൂലം വിചാരണ കാത്തുകഴിയുന്നവരാണെന്നും പറയുന്നു. ഏഴു വർഷം മുന്പ് 4,000 തടവുകാർ ഇവിടെ ജയിൽ ചാടിയിരുന്നു.

# പ്രണയബന്ധത്തിൻറെ പേരിൽ മകളെ കൊന്ന് പിതാവ്; മൃതദേഹം വെട്ടിമുറിച്ചു

ലക്നോ: പ്രണയബന്ധത്തിൻറെ പേരിൽ മകളെ വെട്ടികൊന്ന് പിതാവ്. ഉത്തർപ്രദേശിലെ ബഹ്റൈച്ച് ജില്ലയിലെ മോത്തിപുർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ലക്ഷ്മൺപൂർ മതേഹി ഗ്രാമത്തിലാണ് സംഭവം.

17കാരിയാണ് കൊല്ലപ്പെട്ടത്. കുട്ടിയുടെ മാതാവിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ പിതാവ് നയീം ഖാനെ പോലീസ് അറസ്റ്റ് ചെയ്തു.

സംഭവമറിഞ്ഞ നയീം ഖാൻ, മൂർച്ചയേറിയ ആയുധം ഉപയോഗിച്ച് മകളുടെ കഴുത്ത് മുറിച്ചശേഷം തലയും കൈകളും കാലുകളും മുറിച്ചുമാറ്റി. ഇതേ ഗ്രാമത്തിൽ നിന്നുള്ള ഒരു യുവാവുമായി കൗമാരക്കാരിക്ക് ബന്ധമുണ്ടായിരുന്നുവെന്നും മുമ്പ് രണ്ട് തവണ വീട്ടിൽ നിന്ന് ഒളിച്ചോടിയിട്ടുണ്ടെന്നും പോലീസ് പറഞ്ഞു.

മോത്തിപൂർ, നൻപാറ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രതിയായ യുവാവിനെ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കിയെന്നും പോലീസ് അറിയിച്ചു.

മകളുടെ പെരുമാറ്റം മറ്റ് കുട്ടികളിൽ മോശം സ്വാധീനം ചെലുത്തുമെന്നും അതിനാലാണ് മകളെ കൊലപ്പെടുത്തിയതെന്നും നയീം ഖാൻ പറഞ്ഞതായി ഉദ്യോഗസ്ഥർ അറിയിച്ചു.

# ലാബ് പരിശോധനാ ഫലത്തിൻെറ അടിസ്ഥാനത്തിലെടുത്ത കേസ് റദ്ദാക്കി

കൊച്ചി: ഭക്ഷ്യസുരക്ഷാ നിയമപ്രകാരം അനുമതി ലഭിക്കാത്ത ലബോറട്ടറിയിലെ പരിശോധനാഫലത്തിൻറെ അടിസ്ഥാനത്തിലെടുത്ത കേസ് ഹൈക്കോടതി റദ്ദാക്കി.

നെടുങ്കണ്ടം സോറ ട്രേഡിംഗ് കമ്പനിക്കും മാനേജർ രാധാകൃഷ്ണൻ, ലൈസൻസി സനിത ഷഹനാസ് എന്നിവർക്കും എതിരേ 2014ൽ എടുത്ത കേസിലെ തുടർ നടപടികളാണ് ജസ്റ്റീസ് പി.വി. കുഞ്ഞികൃഷ്ണൻ റദ്ദാക്കിയത്.

കേസെടുക്കാൻ ആധാരമായ തിരുവനന്തപുരം ഗവ. അനലിസ്റ്റ്സ് ലാബറട്ടറിക്ക് ടെസ്റ്റിംഗ് ലബോറട്ടറികളുടെ ദേശീയ അക്രെഡിറ്റേഷൻ ബോർഡ് നൽകുന്ന അംഗീകാരം ഈ കാലയളവിൽ ഉണ്ടായിരുന്നില്ലെന്നു വിലയിരുത്തിയാണ് ഉത്തരവ്.

2014 ഓഗസ്റ്റ് 16നാണ് സ്ഥാപനത്തിൽ വിൽപനയ്ക്ക് വച്ചിരുന്ന ചെറുപയർ ഫുഡ് ഇൻസ്പെക്ടർ പിടികൂടിയത്. ഗവ. അനലിസ്റ്റ്സ് ലബോറട്ടറിയിൽ നടത്തിയ അനാലിസിസ് റിപ്പോർട്ട് എതിരാവുകയും ചെയ്തു. തുടർന്ന് കേസ് നടപടികൾ റാന്നി ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നടന്നുവരികയാണ്.

ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം നിരോധിക്കപ്പെട്ട വസ്തു പയറിൽ ചേർത്തെന്നാണ് കേസ്. മാത്രമല്ല, കീടങ്ങളുള്ളതായും കണ്ടെത്തി. എന്നാൽ, ഗവ. അനാലിസിസ് ലബോറട്ടറിക്ക് ഈ കാലയളവിൽ എൻഎബിഎൽ അക്രെഡിറ്റേഷനില്ലാത്തതിനാൽ ഇവിടുത്തെ പരിശോധനാഫലം നിയമപരമായി അംഗീകരിക്കാനാവില്ലെന്നായിരുന്നു ഹർജിക്കാരുടെ വാദം.

# ജയിലിൽ കിടക്കുന്ന മകന് കഞ്ചാവുമായി എത്തിയ അമ്മ അറസ്റ്റിൽ

തൃശൂർ: ജയിലിൽ കിടക്കുന്ന മകന് കഞ്ചാവു നൽകാൻ എത്തിയ അമ്മയെ അറസ്റ്റ് ചെയ്തു. കാട്ടാക്കട പന്നിയോട് കുന്നിൽ വീട്ടിൽ ബിജുവിന്റെ ഭാര്യ ലത (45) നെ കോലഴി എക്സൈസ് സംഘമാണ് അറസ്റ്റ് ചെയ്തത്.കാപ്പ നിയമപ്രകാരം ജയിലിൽ കഴിയുന്ന ഹരികൃഷ്ണന് കഞ്ചാവ് എത്തിക്കാനാണ് അമ്മ എത്തിയത്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ലത എക്സൈസിന്റെ നിരീക്ഷണത്തിലായിരുന്നു. ഹാൻറ് ബാഗിലാണ് ലത കഞ്ചാവ് സൂക്ഷിച്ചിരുന്നത്.

80 ഗ്രാം കഞ്ചാവ് ലതയുടെ ബാഗിൽ നിന്ന് പിടിച്ചെടുത്തെന്ന് എക്സൈസ് സംഘം പറഞ്ഞു.



കോംപ്രിഹെൻസീവ് റിസോഴ്സ് ബുക്ക് ഓൺ ഓട്ടിസം സ്പെക്ട്രം ഡിസോഡർ പുസ്തക പ്രകാശനം മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കുന്നു